"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - 16-ാമത് കാവ്വട്ട് ഉത്സവം , 2024 (നവംബർ 22,23,24) - സാമ്പത്തിക സഹായം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.79/2025/TSM തീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:-

1. ആട്ടോർ അയ്യപ്പൻ നാടൻ കലാസമിതി പ്രസിഡന്റ് സമർപ്പിച്ച 11-10-2024 തീയതിയിലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 24-01-2025 തീയതിയിലെ DOT/15216/2023-M1 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ ആട്ടോർ അയ്യപ്പൻ നാടൻ കലാസമിതി കേരള ഫോക്ക് ലോർ അക്കാദമിയുടെ സഹകരണത്തോടെ 2024 നവംബർ 22-24 തീയതികളിൽ സംഘടിപ്പിക്കുന്ന "കാവ്വട്ട് ഉത്സവം 16 -ാമത് എഡിഷൻ" പരിപാടിയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, സമിതി പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, 3452-80-104-98-00-34-03 പിവി-മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിക്കാവുന്നതാണെന്നു പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ ആട്ടോർ അയ്യപ്പൻ നാടൻ കലാസമിതി കേരള ഫോക്ക് ലോർ അക്കാദമിയുടെ സഹകരണത്തോടെ 2024 നവംബർ 22-24 തീയതികളിൽ സംഘടിപ്പിക്കുന്ന "കാവ്വട്ട് ഉത്സവം 16 -ാമത് എഡിഷൻ" പരിപാടിയ്ക്ക് , 3452-80-104-98-00-34-03 പിവി-മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും ₹10,000/-(പതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം തൃശ്ശൂർ, ആട്ടോർ അയ്യപ്പൻ നാടൻ കലാസമിതി പ്രസിഡന്റ് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ആട്ടോർ അയ്യപ്പൻ നാടൻ കലാസമിതി പ്രസിഡന്റ്, തൃശ്ശൂർ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 13-02-2025 14:30:25

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്